**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6303** **20-03-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ കോളനികളിലെയും പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രവൃത്തിക്ക് ഭരണാനുമതിയായ തീയതി, പ്രവൃത്തി ആരംഭിക്കാൻ നിർവ്വഹണ ഏജൻസിക്ക് സൈറ്റ് കൈമാറിയ തീയതി, പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച കാലാവധി എന്നീ വിവരങ്ങൾ ഓരോ കോളനിയും അടിസ്ഥാനപ്പെടുത്തി നൽകുമോ; | (സി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | നിർവഹണ ഏജൻസിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം. |
| (ഇ) | പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ നിർവ്വഹണ ഏജൻസിയെ പങ്കെടുപ്പിച്ച് അവലോകന യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബഹു വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിതല അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദേശത്തെ തുടർന്ന് മുൻ സർക്കാരുകളുടെ കാലത്ത് സ്വയംപര്യാപ്ത / അംബേദ്കർ ഗ്രാമം പദ്ധതികളിലേക്ക് തെരെഞ്ഞെടുത്തിരുന്ന ഭൂരിപക്ഷം കോളനികളുടെയും പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ, ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ നിർവഹണ ഏജൻസികളുമായി അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി കോളനികൾ</u>

| വർഷം | കോളനി | ഭരണാനുമതി തീയതി | സൈറ്റ് കൈമ ാറിയ തീയതി | കാലാവധി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2019-20 | ക്ലക്കാനം ക ോളനി, ക രിവെള്ളൂർ | 10/02/21 | 28/06/21 | 6 മാസം | കോളനി പ്രവൃത്തികൾ 75% പൂർത്തിയായി. |
| 2021-22 | മേനോൻകു ന്ന് കോളനി, എരമം, കുറ്റൂ ർ | ബാധകമല്ല | ബാധകമല്ല | 10 മാസം(MOU ഒപ്പ വച്ചതിനു ശേഷം) | AS ലഭിച്ചിട്ടില്ല. അംഗീ കാരത്തിന് ലഭ്യമാക്കി യ എസ്റ്റിമേറ്റിലെ ന്യൂന തകൾ പരിഹരിക്കുന്ന തിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദേശം നൽകിയിട്ടുണ്ട്. |
| 2021-22 | കൊരമ്പക്ക ല്ല് കോളനി, പെരിങ്ങോം | 19/02/23 | കൈമാറിയിട്ടില്ല | 10 മാസം(MOU ഒപ്പ വച്ചതിനു ശേഷം) | കോളനിയുടെ ഭരണാ നുമതി നൽകിയിട്ടുണ്ട്. കരാറിൽ ഏർപ്പെടുന്ന തിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. |